# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 666

11.12.2012-ൽ
മറുപടിക്ക്.

## എമർജിംഗ് കേരള വ്യവസായ നിക്ഷേപ സംഗമം

ചോദ്യം

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഹൈബി ഈഡൻ
ശ്രീ. പി.എ. മാധവൻ
ശ്രീ. വി.പി. സജീന്ദ്രൻ

(എ) എമർജിംഗ് കേരള വ്യവസായ നിക്ഷേപസംഗമത്തിൽ അംഗീകരിച്ച വൻകിട വ്യവസായ പദ്ധതികളുടെ സാധ്യത, പാരിസ്ഥിതിക ആഘാതം എന്നിവ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇതിനായി ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ഉത്തരവാദിത്തവും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

(എ) മുതൽ (സി) വരെ

എമർജിംഗ് കേരളയിലൂടെ വരുന്ന പദ്ധതികളുടെ തുടർ നടപടികളിലേയ്ക്കായി 24.09.2012 ലെ സ.ഉ (സാധാ.) നം.1412/2012 വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പദ്ധതികളുടെ സാദ്ധ്യത, പാരിസ്ഥിതിക ആഘാതം, തുടങ്ങി വിവിധ കാര്യങ്ങൾ പരിശോധിക്കുന്നതിനും, തീരുമാനിക്കുന്നതിനുമായി താഴെ പറയുന്ന രണ്ട് പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1. <u>ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ</u>

എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും മുഖ്യമന്ത്രി ചെയർമാനായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ടതാണ് ഈ കൗൺസിൽ.

2.ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനർ ആയും കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നത് ഈ ബോർഡിന്റെ ചുമതലയായിരിക്കും.

**സെക്ഷൻ ഓഫീസർ**